# വെളിയം ഗ്രാമപഞ്ചായത്ത്

## ബജറ്റ് അവതരണം

ബഹുമാനപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ആസൂത്രണസമിതി ഉപാധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, വിവിധ നിർവ്വഹണ ഉദ്യാഗസ്ഥർ, ആസൂത്രണസമിതി അംഗങ്ങൾ, വിവിധ രാഷ്ട്രീയപാർട്ടികളിലെ അംഗങ്ങൾ, ഉദ്യോഗസ്ഥ സുഹൃത്തുക്കളെ, മറ്റു വിശിഷ്ട വ്യക്തികളെ,

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പ് പ്രകാരം പുതിയ സാമ്പത്തികവർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ ബജറ്റ് അംഗീകരിക്കേണ്ടതുണ്ട്. സമ്പത്തിന്റെ കൃത്യവും സൂക്ഷ്മവുമായ രേഖപ്പെടുത്തലുകൾ ,വരവിന്റെയും ചെലവിന്റെയും ആസൂത്രണംനാടിന്റെ വികസനത്തിന് ദിശാബോധത്തോടൊപ്പം തന്നെ സാമ്പത്തിക അച്ചടക്കവും ഉറപ്പാക്കുക എന്നതാണ് ബജറ്റിലൂടെ നിർവ്വഹിക്കപ്പെടുന്നത്.വെളിയം ഗ്രാമപഞ്ചായത്തിന്റെ അടുത്ത സാമ്പത്തിക വർഷത്തെ വികസന തുടർച്ചക്ക് നേരേ പിടിക്കുന്ന ദർപ്പണമായി ഈ ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നു. സാമ്പത്തികമായ വികസനം ലക്ഷ്യമിടുമ്പോഴും സമൂഹം നേരിടുന്ന പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ പഞ്ചായത്തിനെ പ്രാപ്തമാക്കുക എന്ന ബൃഹത്തായ ഉത്തരവാദിത്വത്തിനാണ് ബഡ്ജറ്റ് രൂപീകരണ വേളയിൽ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. വെളിയം ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വർഗ്ഗമായ കർഷകരെയും, സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗം ജനങ്ങളെയും, കർമ്മോന്മുഖരായി രംഗത്ത് വന്നിട്ടുള്ള കുടുംബശ്രീ ഉൾപ്പെടെ ഉള്ള സംരംഭങ്ങളെയും, ഉന്നമനത്തിലേക്ക് നയിക്കുന്ന അന്താരാഷ്ട്ര തലത്തിൽ തന്നെ അംഗീകാരം നേടിയ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന, വികസന കാഴ്ചപ്പാടാണ് ഈ ബഡ്ജറ്റ് വിഭാവനം ചെയ്തിട്ടുള്ളത്.

വെളിയം ഗ്രാമപഞ്ചായത്തിന്റെ 2026-2027 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഈ യോഗത്തിൽ അവതരിപ്പിക്കാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. നിലവിലുള്ള ഭരണ സമതിയുടെ ആദ്യ ബജറ്റ് ഏറെ അഭിമാനത്തോടെ ഇവിടെ അവതരിപ്പിക്കുകയാണ്. കാർഷിക - സേവന-പശ്ചാത്തല-ആരോഗ്യ-കുടിവെള്ള-ശുചിത്വ മേഖലകൾക്ക് ബജറ്റിൽ പ്രാധാന്യം നല്കിയിട്ടുണ്ട്.

പഞ്ചായത്ത് രാജ് സംവിധാനത്തിലെ അടിസ്ഥാന ശിലകളായ ഗ്രാമസഭകളിൽ നിന്നുംഉരുത്തിരിഞ്ഞുവന്നിട്ടുള്ള ക്രിയാത്മക നിർദ്ദേശങ്ങളാണ് വിവിധ മേഖലകളിൽ പദ്ധതികളായി എറ്റെടുത്ത് ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിനും , തനത് വരുമാനവും കേന്ദ്ര സർക്കാരുകളിൽ നിന്നുംഉള്ള ഫണ്ട് ജില്ലാ ബ്ലോക്ക് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും മറ്റ് ധനസ്രോതസ്സുളിൽ നിന്നുള്ള ധനമാർഗ്ഗങ്ങളും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കെട്ടിട നികുതി വരവായി തൊണ്ണൂറ് ലക്ഷം രൂപയും തൊഴിൽ നികുതിയായി ഇരുപത് ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു നികുതിയേതര വരുമാനങ്ങളിൽ ഫീസ് ആന്റ് യൂസർ ചാർജ്ജ് ഇനത്തിൽ ലൈസൻസ് പെർമ്മിറ്റ് ഫീസ് ജനനമരണരജിസ്ട്രേഷൻ ഫീസ് പിഴ പലിശ ഫൈൻ എന്നിവ ഉൾപ്പെടുത്തി മുപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപയും വാടക ഇനത്തിൽ നിന്നുള്ള വരവായി പതിനാലുലക്ഷത്തി എഴുപത്തിഅയ്യായിരം രൂപയും വകയിരുത്തുന്നു. ആകെ 147298000/- രൂപ വരവ് പ്രതീക്ഷിക്കുന്നു.

സംസ്ഥാന വിഹിതമായ ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ 26293000 /- രൂപയും പ്രതീക്ഷിക്കുന്നു. ക്ഷേമപെൻഷനുകൾക്കായി 104537000 രൂപ വകയിരുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന ഗ്രാന്റിൽ ഏറ്റവും പ്രധാനപ്പെട്ടത് വികസന പദ്ധതിക്ക് വേണ്ടി സംസ്ഥാന സർക്കാരിൽ നിന്ന് ലഭിക്കുന്ന വികസം ഫണ്ടും, കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റമാണ്. ഈ ഇനത്തിൽ പ്ലാൻ ജനറൽ വിഭാഗത്തിൽ 36648000 രൂപയും എസ് സി പി 16057000, റോഡിനത്തിൽ 21535000 രൂപയും നോൺറോഡ് ഇനത്തിൽ 1314000 രൂപയും പ്രതീക്ഷിക്കുന്നു.

സംയോജിത പ്രോജക്ടുകൾക്കായി ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 41875000 രൂപയും പ്രതീക്ഷിക്കുന്നു.

കാർഷിക മേഖലയ്ക്ക് പ്രഥമ പരിഗണന നല്കിക്കൊണ്ടും സേവന പശ്ചാത്തല മേഖലകളിൽ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾക്കുമായി തുക വകയിരുത്തിക്കൊണ്ടുമാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. വിവിധ മേഖലകളിൽ - ഉത്പാദന മേഖലയ്ക്ക് 13898450/- രൂപയും സേവന മേഖലയ്ക്ക് 81996843/- രൂപയും പശ്ചാത്തല മേഖലയ്ക്ക് 33750000/- രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിയുള്ള വ്യക്തികൾ, അതിദരിദ്രർ, വൃദ്ധർ, നിരാലംബരായ രോഗികൾ ,സ്ത്രീകൾ, കുട്ടികൾ എന്നിങ്ങനെ കൈത്താങ്ങ്

ആവശ്യമായവരും  പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും  ഉചിതമായ രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾക്ക് വേണ്ടി  24219000/- രൂപയും ഭരണചെലവുകൾക്ക് 4450000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

കാർഷിക മേഖലയിൽ4830000/- രൂപ വകയിരുത്തിയിട്ടുണ്ട്.

സേവന മേഖലയിൽ ഭവന നിർമ്മാണത്തിനും ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനും വീട് അറ്റകുറ്റപ്പണികൾക്കും 52250000/- രൂപ വകയിരുത്തിയിട്ടുണ്ട്. സാധാരണക്കാരന്റെ വീടെന്ന സ്വപ്നം  സാക്ഷാത്കരിക്കാൻ പഞ്ചായത്ത് എന്നും പ്രതിജ്ഞാബദ്ധമാണ്.

വയോജനങ്ങൾക്കും, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും, അഗതികൾക്കും, സവിശേഷ ശ്രദ്ധ കൊടുക്കേണ്ടത് ഒരു പരിഷ്കൃത സമൂഹത്തിന്റെ കടമയാണെന്ന് പഞ്ചായത്ത് തിരിച്ചറിയുന്നു. ആയത് മുന്നിൽ കണ്ട് കൊണ്ട് 3475000/- രൂപ  ഈ മേഖലയ്ക്ക് നീക്കിവെച്ചിട്ടുണ്ട്.

ദാരിദ്ര്യ ലഘൂകരണത്തിനായി 85000000/- രൂപ വകയിരുത്തിയിരിക്കുന്നു.ഈ തുകയിൽ MGNREGS  വഴി നിർവ്വഹണം നടത്തുന്ന പദ്ധതികളും  ഉൾപ്പെടുന്നു.

കുട്ടികൾക്കും വനിതാ ക്ഷേമത്തിനുമായി പോഷകാഹാര വിതരണം ഉൾപ്പെടെ 4137540/- രൂപ വകയിരുത്തിയിരിക്കുന്നു.

പശ്ചാത്തല സൗകര്യ മേഖലയിൽവെളിയം ഗ്രാമപഞ്ചായത്തിന് നിരവധി പരിമിതികളുണ്ട്. പ്രധാനമായും വരുമാനത്തിലെ കുറവ് തന്നെ, ഏറ്റെടുക്കേണ്ട റോഡുകളുടെ എണ്ണം അധികവുമാണ്.എന്നിരുന്നാലും വികസനത്തിന്റെ മാനദണ്ഡം റോഡുകളാണെന്ന് നമ്മൾ തിരിച്ചറിയുന്നു. ആയതിലേക്കായി  33750000/- രൂപ വകയിരുത്തിയിട്ടുണ്ട്.

സ്ട്രീറ്റ് ലൈറ്റ് ഉൾപ്പെടെ വൈദ്യുതീകരണത്തിന് 1400000/- രൂപ വകയിരുത്തിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്നും വെല്ലുവിളി ഉയർത്തുന്നതാണ് മാലിന്യ സംസ്കരണം. മാലിന്യ മുകത വെളിയം ഗ്രാമപഞ്ചായത്ത് എന്ന സ്വപ്ന സാക്ഷാത്കരണത്തിനായി ഉറവിട മാലിന്യ സംസ്കരണത്തെ പ്രോത്സാഹിപ്പിക്കുകയും അജൈവ മാലിന്യം പൂർണ്ണമായും പഞ്ചായത്ത് സ്വീകരിച്ച് ഏജൻസികൾക്ക് കൈമാറുന്നുമുണ്ട്. എം സി എഫ് നിർമ്മാണത്തിനായും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും 4900000/- രൂപ നീക്കി വച്ചിരിക്കുന്നു.

ആകെ പ്രതീക്ഷിത വരവ് -496216829

ആകെ പ്രതീക്ഷിത ചെലവ് - 489694645

നീക്ക് ബാക്കി - 6522184/-

വികസനത്തിന്റെ സർവ്വതല സ്പർശിയായ ബജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. മുൻ കാലങ്ങളിലെ പോലെ നിരവധി വികസന പ്രക്രിയയ്ക്ക് ഈ ബജറ്റിലും തുടക്കം കുറിച്ചിട്ടുണ്ട്. പല മേഖലകളിലും ശ്രദ്ധേയമായ നേട്ടം കൈവരിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട് ബജറ്റ് അവതരണത്തിന് സഹകരിച്ച പഞ്ചായത്തിന്റെ മുഴുവൻ ഭരണസമിതി അംഗങ്ങളെയും ജീവനക്കാരെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. നമുക്ക് മുന്നേറാനുള്ള ചെറു ചുവടുവയ്പ്പായി ഈ ബജറ്റ് മാറുമെന്ന് പ്രതീക്ഷിച്ചു കൊണ്ട് 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് നിങ്ങളുടെ മുമ്പാകെ വിശദമായ ചർച്ചയ്ക്കായി സമർപ്പിക്കുന്നു.